പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2972 13.10 .2011ൽ മറുപടിയ്ക്ക്

## ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. ശിവദാസൻ നായർ :<br>ശ്രീ വർക്കല കഹാർ :<br>ശ്രീ വി. ഡി. സതീശൻ :<br>ശ്രീ ഐ. സി. ബാലകൃഷ്ണൻ: | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷാ പദ്ധതിക്ക് അന്തിമരൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>ബി) എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് സുരക്ഷാ പദ്ധതിക്കു വേണ്ടി ഉപയോഗിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) ആന്റ് (ബി) അന്തിമ രൂപം നൽകിയിട്ടുണ്ട്.<br><br>ഏറ്റവും ആധുനികമായ " Integrated Security System" ആണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ക്ഷേത്രത്തിനകവും പുറവും പരിസരവും 24 മണിക്കൂറും നിരീക്ഷിക്കുന്നതിന് CCTV ക്യാമറകളും മറ്റ് നിരീക്ഷണ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്ര സുരക്ഷയ്ക്കായി ഏറ്റവും ആധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും തീരുമാനമായിട്ടുണ്ട്. |
| സി) ഇതിന് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | സി) ഏകദേശം 40 കോടി രൂപ. |
| ഡി) കരയിലും, കടലിൽ നിന്നുമുള്ള ആക്രമണങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് കൈക്കൊള്ളുന്നത് ; | ഡി) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഏർപ്പെടുത്താനുദ്ദേശിക്കുന്ന " Integrated Security System" കരയിൽ നിന്നും കടലിൽ നിന്നും ആകാശത്തു നിന്നുമുള്ള ആക്രമണങ്ങൾ തടയുന്നതിന് പര്യാപ്തമാണ്. |

| | |
|---|---|
| ഇ) ഇതിന് ഉപഗ്രഹ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? | ഇ) ഐ. എസ്. ആർ. ഒ., വ്യോമസേന എന്നീ വിഭാഗങ്ങളുടെ സഹായത്തോടെ റഡാർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ